**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40** **01-02-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | (എ) | **39,275** (മുപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിൽ ഉള്ള കണക്കുകൾ ലഭ്യമായിട്ടില്ല. |
| (ബി) | നിലവിലുള്ള ഒഴിവുകൾ കാലതാമസം കൂടാതെ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | നിയമന നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർ വത്കരിച്ചിട്ടുണ്ട്. ഓൺലൈനായി പരീക്ഷ നടത്തുന്നതിനായി പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ.സി ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ പൊതുപ്രാഥമിക പരീക്ഷകൾ നടത്തിവരുന്നു. നിയമന ശിപാർശ കൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ